**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1884** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകൾക്കാണ് സ്വന്തമായി കളിസ്ഥലം / കളിക്കളം ഇല്ലാത്തതായി കായിക വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി കളിസ്ഥലം /കളിക്കളം ഇല്ലാത്തതും സ്വന്തമായി കളിക്കളത്തിന് സ്ഥലം ഇല്ലാത്തതുമായ പഞ്ചായത്തുകളുടെ വിവരങ്ങൾ കായിക വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (ബി) | സ്വന്തമായി കളിക്കളത്തിന് സ്ഥലമില്ലാത്ത എത്ര പഞ്ചായത്തുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് എന്നറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് സ്വന്തമായി കളിസ്ഥലം /കളിക്കളം ഇല്ലാത്തതും സ്വന്തമായി കളിക്കളത്തിന് സ്ഥലം ഇല്ലാത്തതുമായ പഞ്ചായത്തുകളുടെ വിവരങ്ങൾ കായിക വകുപ്പ് ശേഖരിച്ചിട്ടില്ല. |
| (സി) | 'ഗ്രാമീണ കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കളിക്കളങ്ങൾക്ക് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്രയെണ്ണമാണ് നാളിതുവരെ പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ; | (സി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 124 പ്രവൃത്തികളെയാണ്. ഇതിൽ 49 പ്രവൃത്തികൾക്ക് എം.എൽ.എ ആസ്തിവികസന ഫണ്ട്/ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ഇതിൽ 47 പ്രവൃത്തികൾക്ക് കായിക വകുപ്പിന്റെ പ്ലാൻഫണ്ടിൽ നിന്നും ആനുപാതികമായ വിഹിതം അനുവദിച്ചുകൊണ്ട് കായിക യുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതി പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി പദ്ധതി പ്രകാരം 3 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന ലക്ഷ്യം എപ്പോൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (ഡി) | 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഇ) | ഒരു പഞ്ചായത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ